**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 21/01/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-EXC3/2020/EXCISE</u>**

വിഷയം: 50 വയസ്സ് പൂർത്തിയായ സിവിൽ എക്സൈസ് ഓഫീസർമാർക്ക് പ്രിവൻറീവ് ഓഫീസറായി പ്രൊമോഷൻ നൽകുന്നത് സംബന്ധിച്ച മാർഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത്.

സൂചന: ജി.ഒ.(പി) നം 112/74/ടി.ഡി തീയതി 09.09.1974

കേരള എക്സൈസ് & പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾ, ചട്ടം 5 Qualification ൽ പ്രിവൻറീവ് ഓഫീസറായി പ്രൊമോഷൻ ലഭിക്കുന്നതിന് കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന നിശ്ചിത പരീക്ഷ പാസ്സാകണമെന്നു നിഷ്കർഷിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ പാസ്സായാൽ മാത്രമേ ടി തസ്തികയിലേക്ക് പ്രൊമോഷന് അർഹത ഉണ്ടാകുകയുള്ളൂ. കൂടാതെ 50 വയസ്സ് പൂർത്തിയായ സിവിൽ എക്സൈസ് ഓഫീസർമാർക്ക് KS&SSR ലെ ചട്ടം 13 (ബി) അനുസരിച്ച് യോഗ്യതയിൽ ഇളവ് നൽകാൻ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ 50 വയസ്സ് പൂർത്തിയായ സിവിൽ എക്സൈസ് ഓഫീസർമാരും പ്രിവന്റീവ് ഓഫീസറായി പ്രൊമോഷൻ ലഭിക്കുന്നതിന് കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ പാസ്സാകേണ്ടതാണ്. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും 50 വയസ്സ് പൂർത്തിയായ സിവിൽ എക്സൈസ് ഓഫീസർമാർക്ക് പ്രിവന്റീവ് ഓഫീസറായി പ്രൊമോഷൻ ലഭിക്കുന്നതിന് സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിശ്ചിത യോഗ്യത ഉണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതും അർഹത ഉള്ള പക്ഷം പ്രൊമോഷൻ നൽകേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

**S. AANANTHAKRISHNAN IPS**

Signature valid
Digitally signed by AANANTHAKRISHNAN S
Date: 2020.01.21 17:26:53 IST
Reason: Approved

**എക്സൈസ് കമ്മീഷണർ**

പകർപ്പ്
1.അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)
2.ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
3.അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ലോ ഓഫീസർ/ഫിനാൻസ് ഓഫീസർ
4.എക്സൈസ് കമ്മീഷണറുടെ സി.എ
5.ഉത്തരവ് ഫയൽ/കരുതൽ ഫയൽ